I/63684/2024

**Website: www.kwa.kerala.gov.in** **Tel. 0471-2738300**

**Mobile/ Whatsapp: +919495998258** Consumer Helpline Number

**1916 [24X7] [Toll Free]**

**1916cckwa@gmail.com**

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,

വാട്ടർ അതോറിറ്റി ക്യാംപസ്

വെള്ളയമ്പലം

നമ്പർ. KWA-JB/2224/2024-E1-Part(1) തീയതി: 15-06-2024

**സർക്കുലർ**

വിഷയം: കേരള വാട്ടർ അതോറിറ്റി - ജീവനക്കാര്യം - 2024 വർഷത്തെ പൊതുസ്ഥലം മാറ്റം - നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള സമയക്രമം പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :
1. സർക്കാർ ഉത്തരവ് G.O. (P) No. 3/2017/P&ARD തീയതി, 25/02/2017.
2. 11.03.2024 ലെ KWA-JB/2224/2024-E1 നമ്പർ സർക്കുലർ
3. 09-05-2024ലെ KWA-JB/2224/2024-E1-Part(1) നമ്പർ സർക്കുലർ
4. നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ നിന്നും 12.06.2024 ന് ലഭിച്ച ഇമെയിൽ സന്ദേശം.

സൂചനയിലെ സർക്കാർ ഉത്തരവിന് വിധേയമായി, കേരള വാട്ടർ അതോറിറ്റിയിലെ വിവിധ തസ്തികകളിലെ, 2024 വർഷത്തെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ സൂചന - 3 പ്രകാരം ക്ഷണിച്ചിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം ജീവനക്കാരിൽ നിന്നും ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ വിവിധ തസ്തികകൾക്കായി ജിസ്പാർക്ക് മുഖേന തയ്യാറാക്കിയ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത കരട് പട്ടികയിൽ 5 വർഷത്തിലേറെ കാലം ഒരേ സ്റ്റേഷനിൽ ജോലി ചെയ്തുവരുന്ന എല്ലാ ജീവനക്കാരും ഉൾപ്പെട്ടിട്ടില്ല എന്ന പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ പെൻ നമ്പറുകൾ NIC ക്ക് സമർപ്പിച്ചിരുന്നു. അവ പരിശോധിച്ച് കരട് വീണ്ടും പ്രസിദ്ധീകരിക്കാൻ സൂചന 4 പ്രകാരം NIC നിർദ്ദേശിച്ചിരിക്കുകയാണ്. അതിനാൽ 2024 ലെ പൊതുസ്ഥലംമാറ്റം നടപ്പാക്കാനുള്ള സമയക്രമം താഴെ പറയും വിധം പുനഃക്രമീകരിക്കുന്നു.

- 15.06.2024 മുതൽ അപേക്ഷ സമർപ്പിക്കാൻ ജി സ്പാർക്ക് വെബ്സൈറ്റ് സജ്ജമാകുന്നതാണ്.
- അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാനുള്ള അവസാന തീയതി 18.06.2024.
- DDO / ഓഫീസ് മേധാവി അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തിയ ശേഷം സ്റ്റേറ്റ് ലെവൽ ഓഫീസർക്ക്

I/63684/2024

ജി-സ്പാർക്കിലൂടെ അയച്ചു നൽകേണ്ട അവസാന തീയതി 20.06.2024

- കരട് പട്ടിക പ്രസിദ്ധീകരിക്കേണ്ട അവസാന തീയതി 22.06.2024
- കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങൾ ഇ-മെയിൽ മുഖേന, (**email id - generaltransferkwa@gmail.com)** സമർപ്പിക്കാവുന്ന കാലയളവ് 23.06.2024 മുതൽ 30.06.2024 വൈകുന്നേരം 5 മണിവരെ.
- അന്തിമ പട്ടിക പ്രസിദ്ധീകരിക്കേണ്ട അവസാന തീയതി 15.07.2024
- സൂചന - 3 ലെ സർക്കുലർ പ്രകാരം ഇതിനോടകം അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് 15.06.2024 മുതൽ 18.06.2024 ആവശ്യമെങ്കിൽ റീ ഓപ്ഷൻ നൽകാൻ സാധിക്കുന്നതാണ്. റീ ഓപ്ഷൻ നൽകാൻ താല്പര്യമുള്ള ജീവക്കാർ അവരുടെ പേര്, PEN നമ്പർ, തസ്തിക, ഓഫിസിന്റെ പേര് എന്നിവ സഹിതം **generaltransferkwa@gmail.com** എന്ന ഇമെയിൽ വിലാസത്തിൽ അപേക്ഷ നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ നോഡൽ ഓഫീസർ സമയബന്ധിതമായി Reset ചെയ്യേണ്ടതാണ്.
- Reset ചെയ്ത അപേക്ഷകൾ ആവശ്യമായ മാറ്റം വരുത്തി പുനഃസമർപ്പിച്ചില്ല എങ്കിൽ അവ സ്ഥലംമാറ്റത്തിനായി പരിഗണിക്കുകയില്ല.

Signed by
മാനേജിംഗ് ഡയറക്ടർ
Binu Francis
Date: 15-06-2024 10:53:41

സ്വീകർത്താവ്

1. എല്ലാ ജീവനക്കാർക്കും
2. എല്ലാ DDO/ ഓഫീസ് മേധാവികൾക്കും
3. SPARK PMU

പകർപ്പ്:-

1. ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
2. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, കേരള ജല അതോറിറ്റി - പത്രമാധ്യമങ്ങളിൽ അറിയിപ്പ് നൽകുന്നതിനായി
3. PA to AM / PA to TM / CA to CE(HRD&GL) / CA to CE(P&O) / CA to FM&CAO / CA to CLO / CA to DCE(GL) / DCE(Vigilance) / CA to SR AO / AO(Est&Admn) / AO(Pay Slip & Pension) / SS (Est) / JS (Est) / All Sections in Administrative Wing / G-SPARK Team / All Units in Head Office/ File / SF